ഭരണഭാഷ - മാതൃഭാഷ

എറണാകുളം ജില്ലാ കളക്ടറുടെ നടപടി ക്രമം

(ഹാജർ : കെ. മൊഹമ്മദ് വൈ സഫീറുള്ള ഐ. എ. എസ്)

സി 7 - 143487/17 തീയതി : 19.03.2019

വിഷയം : പൊന്നുംവില - മുനമ്പം - അഴിക്കോട്ടു പാലം- അനുബന്ധ റോഡ്- സാമൂഹിക പ്രത്യാഘാത റിപ്പോർട്ട് സമുചിത ഗവൺമെന്റ് പരിശോധിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്

സൂചന :

1) 14.05.2018 തീയതിയിൽ അംഗീകരിച്ച ഫോറം 4 നോട്ടിഫിക്കേഷൻ.
2) 31/2/2018 തീയതിയിൽ SIA യൂണിറ്റായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് സമർപ്പിച്ച അന്തിമ റിപ്പോർട്ട്.
3) വിദഗ്ദസമിതി ചെയർമാൻ & സ്പെഷ്യൽ തഹസിൽദാർ (എൽ എ) ജിസിഡിഎ എറണാകുളത്തിന്റെ 16.02.2019 തീയതിയിലെ വിദഗ്ദസമിതി റിപ്പോർട്ട്.
4) സ.ഉ.(സാധാ)നമ്പർ 72/2018/ മുവ തീയതി 31.01.2018.
5) ജിഒ (പി) 376/2016/RD തീയതി 29.06.2016

-------------

മുനമ്പം - അഴിക്കോട്ടു പാലം അനുബന്ധ റോഡ് നിർമ്മാണം കൊച്ചി താലൂക്കിലെ കുഴുപ്പിള്ളി വില്ലേജിലെ 81,82,87 സർവ്വെ നമ്പറുകളിൽ നിന്നായി 0.2099 ഹെക്ടർ ഭൂമി RFCTLARR ആക്ട് -13 പ്രകാരം നടപടി സ്വീകരിക്കുന്നതിനായി 20.10.2017 ൽ റിക്വസിഷനും, അനുബന്ധ രേഖകളും സമർപ്പിച്ചിട്ടുള്ളതാണ്. ടി പൊന്നുംവില നടപടിയുടെ ഭാഗമായുള്ള സാമൂഹിക പ്രത്യാഘാതപഠനത്തിനായി സൂചന (1) പ്രകാരം നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതും തുടർന്ന് SIA പഠനം നടത്തി സൂചന (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. ടി റിപ്പോർട്ടിന്മേൽ വിദഗ്ദസമിതി ചെയർമാന്റെ നേതൃത്ത്വത്തിൽ പരിശോധന നടത്തിയിട്ടുള്ളതും സൂചന (3) പ്രകാരം റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് LARR Act -13 സെക്ഷൻ 7(6) പ്രകാരം ജില്ലാകളക്ടറുടെ വെബ് സൈറ്റിലും മറ്റുസ്ഥലങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

പ്രസ്തുത പ്രൊജക്ടുമായി ബന്ധപ്പെട്ട് സൂചന (4) പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. LARR Act -13 സെക്ഷൻ 8(1) പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശങ്ങളും , സാമൂഹിക പ്രത്യാഘാത റിപ്പോർട്ടും സമുചിത ഗവൺമെന്റ് പരിശോധിക്കേണ്ടതുണ്ട്. 200 ആർ വസ്തുവരെ ഏറ്റെടുക്കുന്നതിന് ജില്ലാകളക്ടർക്ക് അനുവാദം നൽകികൊണ്ട് സൂചന (5) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സൂചന (2,3) എന്നീ റിപ്പോർട്ടുകൾ പരിഗണിച്ചതിൽ പ്രസ്തുത ഭൂമി ഏറ്റെടുക്കേണ്ടത് അത്യന്താപേക്ഷിതമായതിനാലും . ഭൂമി ഏറ്റെടുക്കുന്നത്കൊണ്ട് ഏതെങ്കിലും

കുടുംബങ്ങൾക്കോ, പരിസ്ഥിതിക്കോ പ്രകടമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നില്ല എന്ന് വിലയിരുത്തുകയും ബദൽമാർഗ്ഗങ്ങൾ പരിഗണിക്കുന്നത് പ്രായോഗികമല്ലാത്തതിനാലും , പ്രൊജക്ടുകൾ നടപ്പിലാകുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ വളരെ വലുതാണ് എന്നുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിലും കൊച്ചി താലൂക്ക് കുഴുപ്പിള്ളി വില്ലേജിലെ 81,82,87 എന്നീ സർവ്വേ നമ്പറുകളിൽ നിന്നായി 0.2099 ഹെക്ടർ ഭൂമി പൊന്നുംവിലപ്രകാരം ഏറ്റെടുക്കുന്നതിന് LARR Act -13 സെക്ഷൻ 8(1) (2) എന്നിവ പ്രകാരം അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. അതോടൊപ്പം തന്നെ ഈ ഉത്തരവിന്റെ പകർപ്പ് സെക്ഷൻ 8(3) പ്രകാരം ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ലാൻഡ് അക്വിസിഷൻ ഓഫീസറെ ചുമതലപ്പെടുത്തുന്നു.

(ഒപ്പ്)
ജില്ലാ കളക്ടർ

പകർപ്പ് : 1) സ്പെഷ്യൽ തഹസിൽദാർ (എൽ എ)
ജി. സി. ഡി. എ. എറണാകുളം (അറിവിലേക്കും അനന്തര നടപടികളിലേക്കുമായി അയക്കുന്നു. )

2) എക്സിക്യൂട്ടീവ് എഞ്ചിനീയർ,
PWD (റോഡ്സ്) ചെമ്പൂക്കാവ്,
തൃശ്ശൂർ

ഉത്തരവിൻപ്രകാരം

Dimna

ഡെപ്യൂട്ടി കളക്ടർ (എൽ എ)

ടി7